4461 മെട്രിക് ടൺ ഉടച്ച തേങ്ങയും സംഭരിച്ചു. നെല്ലിന്റെ വിലയിടിവ് തടയുന്നതിനുവേണ്ടി നെല്ല് സംഭരണ പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. റബ്ബറിന്റെ വിലയിടിവ് നിയന്ത്രിക്കുന്നതിനുവേണ്ടി കമ്പോളവിലയേക്കാൾ കിലോയ്ക്ക് 50 പൈസ അധിക വില നൽകി റബ്ബർ സംഭരിക്കാനും, കയറ്റുമതി ചെയ്യുവാനും നടപടി എടുത്തുവരുന്നു.

ചെറുകിട കർഷക ഇൻഷ്വറൻസ് പദ്ധതി

25 (*85) ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കർഷകർക്കുവേണ്ടി സർക്കാർ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി മുഖേന കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനം വെളിപ്പെടുത്തുമോ;

(സി) എത്ര കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. ജി.എം(എം.എസ്)നം. 122/99/കൃഷി തീയതി 29.4.99 പ്രകാരം 'കർഷകരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം അംഗമാകാനുള്ള വാർഷിക പ്രീമിയമായ 10 രൂപ കൃഷിക്കാരന് വേണ്ടി സർക്കാർ ഇൻഷ്വറൻസു കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമായ കൃഷിക്കാരന് അപകടമരണമോ പൂർണ്ണമായ അംഗവൈകല്യമോ സംഭവിച്ചാൽ ഒരുലക്ഷം രൂപയും, ഭാഗികമായ അംഗവൈകല്യത്തിന് 50,000 രൂപയും, മരിക്കുന്ന അംഗത്തിന്റെ കുട്ടികളുടെ വിദ്യഭ്യാസത്തിന് 5000 രൂപ രണ്ട് കുട്ടികൾക്ക് വീതവും, രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് 5000 രൂപ വീതവും, ഗുരുതരമായി മുറിവേൽക്കുന്ന അംഗത്തിന്റെ ശുശ്രൂഷ ചെലവിന് 5000 രൂപയും, മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരത്തിനും, ശവശരീരം വീട്ടിൽ എത്തിക്കാനും ആയിരം രൂപ വീതവും ധനസഹായം നൽകുന്നു.

(സി) 10 ലക്ഷം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഇതുവരെയായി അപകടത്തിൽ മരിച്ച 74 കർഷകരുടെ നോമിനികൾക്ക് 79,48,674 രൂപയും അംഗവൈകല്യം സംഭവിച്ച 111 കർഷകർക്ക് 8,43,618 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 66,30,000 രൂപയുടെ ധനസഹായത്തിന് അർഹതയുള്ള ക്ലെയിമുകൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

വിഷമദ്യദുരന്തത്തെത്തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ

26 (*86) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ടി.എസ്. ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷമദ്യദുരന്തത്തെത്തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) അബ്കാരി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ;

(ഡി) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സമ്പാദ്യങ്ങളെപ്പറ്റി അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതുതായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വിഷമദ്യദുരന്തത്തെത്തുടർന്ന് പ്രിവന്റീവ് ആഫീസർ മുതൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പദവി വരെയുള്ള പതിനേഴ് എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണവിധേയരായി സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപത്തിയാറ് എക്സൈസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) അബ്കാരി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കായി അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കുകയും അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ പത്തുവർഷം വരെ തടവും കുറഞ്ഞത് ഒരുലക്ഷം രൂപ പിഴയും ആക്കുകയും ചെയ്തുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ പോലീസ്/എക്സൈസ്/റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ സംയുക്തനേതൃത്വത്തിൽ ശക്തമായ റെയിഡുകൾ സംഘടിപ്പിക്കുകയും വാഹനങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും അംഗീകൃത മദ്യഷാപ്പുകളിൽനിന്നും സാമ്പിളുകൾ എടുത്ത് രാസപരിശോധന നടത്തുകയും അബ്കാരി നിയമം ലംഘിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഭാവിയിൽ ഇത്തരം മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നിലവിലുള്ള അബ്കാരി വ്യവസ്ഥകൾ കർശനമായും പാലിക്കുന്നതിന് ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അന്വേഷണം ആവശ്യമായിവരുന്ന കേസുകളിൽ എക്സൈസ് ഉദ്യോഗസ്ഥൻമാരുടെ സമ്പാദ്യത്തെപ്പറ്റി അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് റെയിഡുകൾ നടത്തുന്നതിനും ഗുരുതരമായ അഴിമതി ആരോപണം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിച്ച് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷ

LIBRARY ARCHIVES Kerala Legislative Assembly

മമാക്കുന്നതിനായി ടെലിഫോൺ സൗകര്യമില്ലാത്ത വകുപ്പിലെ എല്ലാ ആഫീസുകളിലും ടെലിഫോൺ സ്ഥാപിക്കുന്നതിനും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ (റിവോൾവർ-0.32) നൽകുന്നതിനും നടപടി എടുത്തുവരുന്നു. ചാരായ നിരോധനം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ എക്സൈസ് ഓഫീസുകൾക്കായി മുപ്പതോളം പുതിയ വാഹനങ്ങൾ ഇതിനകം തന്നെ ലഭ്യമാക്കിയിട്ടുമുണ്ട്. വകുപ്പിന്റെ സുഗമമായ പ്രവർത്തനം മുൻനിർത്തി അസിസ്റ്റന്റ് എക്സൈസ് കമ്മിഷണറുടെ (റവന്യൂ റിക്കവറി, ലീഗൽ ആന്റ് ആഡിറ്റ്) മൂന്ന് തസ്തികകളും, അസിസ്റ്റന്റ് കമ്മിഷണർ (നിയമം) എന്ന ഒരു തസ്തികയും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

റയിൽവേസ്റ്റേഷനുകൾ വഴി സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

27 (*87) ശ്രീ. എം. ദാസൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എ. കണാരൻ :

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. ജോർജ് ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റെയിൽവേ സ്റ്റേഷനുകൾവഴി മതിയായ വിൽപ്പനനികുതി അടയ്ക്കാതെ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നടപ്പു സാമ്പത്തികവർഷം നാളിതുവരെ വിൽപ്പന നികുതി അടയ്ക്കാതെ കടത്തിക്കൊണ്ടുപോയ എന്തു തുകയുടെ സാധനങ്ങൾ പിടിച്ചെടുത്തു പിഴ ഈടാക്കി എന്ന് വെളിപ്പെടുത്തുമോ;

(സി) മതിയായ വില്പന നികുതി അടയ്ക്കാതെ കടത്തിക്കൊണ്ടു പോകുന്ന സാധനങ്ങൾ റെയിൽവേ സ്റ്റേഷനുകളിൽ പരിശോധിക്കാൻ റയിൽവേ അധികൃതർ അനുവദിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) നികുതി വെട്ടിച്ച് കടത്തിക്കൊണ്ടുവരുന്ന സാധനങ്ങൾ റെയിൽവേയുടെ പരിധിക്ക് പുറത്തുവച്ച് നികുതി വകുപ്പിന് പരിശോധന നടത്താനും നികുതി ഈടാക്കാനുമുള്ള എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തികവർഷവും റെയിൽവേവഴി കടത്തിക്കൊണ്ടുപോയ സാധനങ്ങൾ പിടിച്ചെടുത്തതിലൂടെ എന്തു തുകയുടെ അധികവരുമാനം ഉണ്ടാക്കാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 708.13 ലക്ഷം രൂപയുടെ സാധനങ്ങൾ പിടിച്ചെടുത്തു. 28.56 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

1189/2010.

LIBRARY ARCHIVES Kerala Legislative Assembly